### 19. നടമ്മൽകടവ് പാലം നിർമ്മാണം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കൊടുവള്ളി, ഓമശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നടമ്മൽക്കടവിൽ എത്രയോ വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം ജനങ്ങളുടെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിച്ചുകൊണ്ട് പാലം നിർമ്മിക്കുന്നതിന് അനുവാദം ലഭിക്കുകയും പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ചുവപ്പുനാടയിൽ കുടുങ്ങിയിരുന്ന ഫയൽ പുറത്തെടുപ്പ് പ്രവൃത്തി തുടങ്ങാൻ സാഹചര്യമൊരുക്കിയത്. എന്നാൽ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൊടുക്കുവാൻ റവന്യൂവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അലംഭാവം പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം നേരിടാൻ കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ പ്രദേശത്തെ ജനങ്ങൾ മുഴുവനും നിരാശയിലാണ്. ജനപ്രതിനിധികൾക്ക് അങ്ങോട്ട് കടന്നുചെല്ലാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എത്രയുംവേഗം പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട വി. എം. ഉമ്മർ മാസ്റ്റർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ പ്രശ്നമാണ്. രണ്ട് സൈഡിലും സൗജന്യമായി സ്ഥലം തരാമെന്നുള്ള വാഗ്ദാനമുണ്ടായിരുന്നു. എന്നാൽ ഒരു സൈഡിലുള്ള ജനങ്ങൾ ആ വാഗ്ദാനത്തിൽനിന്ന് പിന്മാറിയതുകൊണ്ടാണ് ഇതിന് തടസ്സം നേരിട്ടത്. പക്ഷേ ഇപ്പോൾ വളരെ ജാഗ്രതയോടുകൂടി കാര്യങ്ങൾ പോകുന്നുണ്ട്. 4 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ശക്തമായ രീതിയിൽ അതിന്റെ നടപടികൾ മുന്നോട്ടുകൊണ്ടുപോകും. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട് വളരെ എളുപ്പത്തിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുകയാണ്.

### 20. ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കാസർഗോഡ് ജില്ലയിലെ ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേയ്ക്ക് ഭരണാനുമതി നൽകണമെന്ന ആവശ്യകതയിലേക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബേക്കൽകോട്ട കാസർഗോഡ് ജില്ലയിലാണെങ്കിലും നമ്മുടെ സംസ്ഥാനത്തും ദേശീയ അടിസ്ഥാനത്തിലും അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടെ നിത്യേന ആയിരക്കണക്കിന് ആളുകൾ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവർക്കെല്ലാം യാത്രാസൗകര്യം വളരെ കുറവാണ്. ആ പ്രദേശത്തിന് തൊട്ടടുത്ത് കിടക്കുന്ന ബാംഗ്ലൂർ, മൈസൂർ, സുള്ളി, ബന്തടുക്ക, പൊയ്നാച്ചിവഴി ബേക്കൽകോട്ടയിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചേരാനുള്ള പ്രധാനപ്പെട്ട റോഡാണ്. ബാംഗ്ലൂരിൽനിന്ന് ബന്തടുക്ക വരെയുള്ള കർണ്ണാടക റോഡ് മുഴുവൻ പണി പൂർത്തീകരിച്ച് 10 കിലോമീറ്റർ വീതിയിൽ ടാർ ചെയ്ത് നല്ല റോഡാക്കി അഭിവൃദ്ധിപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽക്കൂടി കടന്നുപോകുന്ന 37 കിലോമീറ്റർ റോഡിന്റെ സ്ഥിതിയും വളരെ പരിതാപകരമാണ്. ആ റോഡുകൂടി പുനരുദ്ധരിപ്പിച്ച് നല്ല റോഡാക്കി മാറ്റിയാൽ കർണ്ണാടകത്തിൽനിന്ന് വരുന്ന ആളുകൾക്ക് നമ്മുടെ പ്രദേശത്ത് എത്തിച്ചേരാൻ, പ്രത്യേകിച്ച് ബേക്കൽകോട്ടയിൽ എത്തിച്ചേരാൻ പറ്റുന്ന പ്രധാനപ്പെട്ട റോഡാക്കി മാറ്റാൻ കഴിയും. ഈ റോഡിനുവേണ്ടി ഒരുസെന്റ് സ്ഥലംപോലും അക്വയർ ചെയ്യുകയോ വില കൊടുത്ത് എടുക്കേണ്ടതായോ വരില്ല. ഇഷ്ടംപോലെ സ്ഥലമുണ്ട്. എവിടെയെങ്കിലും അങ്ങനെയുള്ള പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിച്ച് കൊടുക്കാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ട് ബേക്കൽകോട്ടയിലേക്ക് എത്തുന്ന ഈ റോഡ് എത്രയുംവേഗം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ഹൈവേയുടെ ഭാഗമായി കർണ്ണാടക സംസ്ഥാനത്തിലെ മടിക്കേരി ജില്ലയിലെ സുള്ളിയിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാവുന്ന റോഡിന്റെ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ തെക്കിൽ-ആലട്ടി റോഡ് ദേശീയപാത 66-ൽ പൊയ്നാച്ചിയിൽ നിന്നാരംഭിച്ച് കർണ്ണാടകത്തിലെ ആലട്ടിയിൽ അവസാനിക്കുന്നു. ഈ റോഡിന്റെ 37 കിലോമീറ്റർ ഭാഗം കേരളത്തിലൂടെ കടന്നുപോകുന്നു. ഈ റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിന് 55 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇതിന് ഭരണാനുമതി കൊടുക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### 2. ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

1. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 7049, അഞ്ചാം സമ്മേളനത്തിലെ 8391, എട്ടാം സമ്മേളനത്തിലെ 2583 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.



LIBRARY ARCHIVES Kerala Legislative Assembly